ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച പാർലമെൻറിൽ ഇന്നും തുടരും.

**The debate on the Union Budget will continue in Parliament today.**

2. വനിതാ ശാക്തീകരണത്തിന് സർക്കാർ നൽകുന്ന പ്രാധാന്യമാണ് മേഖലയ്ക്ക് കൂടുതൽ തുക ബജറ്റിൽ നീക്കിവച്ചതിലൂടെ വ്യക്തമാകുന്നതെന്ന് കേന്ദ്ര മന്ത്രി അന്നപൂർണ ദേവി.

**Union Minister Annapurna Devi said that the government's importance to women's empowerment is evident by allocating more money to the sector in the budget**

3. നീറ്റ് - യു ജി പരീക്ഷ നിർത്തലാക്കാൻ ഒരു നിർദ്ദേശവും പരിഗണനയിലില്ലെന്ന് കേന്ദ്ര സർക്കാർ.

**The central government is not considering any proposal to cancel the NEET-UG examination.**

4. ഇന്ത്യ - ബ്രിട്ടൺ ബന്ധത്തിന് വലിയ സാധ്യതകളുണ്ടെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ ; ആഗോള വിഷയങ്ങളിൽ ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നും ജയ്ശങ്കർ.

**Foreign Minister S. Jaishankar said that India-Britain relations have great potential. Jaishankar said that both the countries should work together on global issues.**

5. കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തിരച്ചിൽ ഇന്നും തുടരും.

**The search for Arjuna, a native of Kozhikode, who went missing in a landslide in Karnataka's Shirur, will continue today.**

6. പാരീസ് ഒളിമ്പിക്സിന് നാളെ ഔദ്യോഗിക തുടക്കം ; ഇന്ത്യൻ അമ്പെയ്ത്ത് താരങ്ങളുടെ മത്സരം ഇന്ന് ആരംഭിക്കും.

**Official start of Paris Olympics tomorrow; The competition of Indian Archers will start today.**

************************************

## JAISHANKAR - UK FOREIGN SECY

ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള ഉഭയകക്ഷി ബന്ധം വളരെയധികം പ്രാധാന്യമുള്ളതാണെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. ഈ ബന്ധത്തിന് വലിയ സാധ്യതകളുമുണ്ട്. ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയുമായി ഇന്നലെ ഡൽഹിയിൽ നടന്ന ചർച്ചയ്ക്ക് ശേഷം സംസാരിക്കുകയായിരുന്നു ശ്രീ.ജയ്ശങ്കർ. ഇരു രാജ്യങ്ങൾക്കും ആഗോളതലത്തിൽ വലിയ പ്രാമുഖ്യമുണ്ടെന്ന് പറഞ്ഞ ഇന്ത്യൻ വിദേശകാര്യമന്ത്രി ആഗോള വിഷയങ്ങളിൽ ഇരു കൂട്ടരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നും ചൂണ്ടിക്കാട്ടി.

************************************

## PM MODI UK FOREIGN SECY

ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമി പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഇന്നലെ കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള സമഗ്രമായ തന്ത്രപരമായ പങ്കാളിത്തം വിശാലമാക്കുന്നതിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ നൽകുന്ന പ്രാധാന്യത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താൻ ഇന്ത്യ

പ്രതിജ്ഞാബദ്ധമാണെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള സാങ്കേതിക സുരക്ഷാ സംരംഭത്തെ സ്വാഗതം ചെയ്യുന്നതായും അദ്ദേഹം സമൂഹ മാധ്യമത്തിൽ പറഞ്ഞു.

**********************************

## BUDGET – PARLIAMENT .... INTRO

പാർലമെൻറിൻറെ ഇരുസഭകളിലും ഇന്നലെ കേന്ദ്ര ബജറ്റിനെക്കുറിച്ച് ചർച്ച നടന്നു. ജമ്മുകാശ്മീരിലെ ബജറ്റും ചർച്ചയുടെ ഭാഗമായി. ബജറ്റ് സംബന്ധിച്ച ചർച്ച ഇന്നും തുടരും. ഒരു റിപ്പോർട്ട്...

(വോയ്സ്)

*തൊഴിലില്ലായ്മ, പണപ്പെരുപ്പം എന്നീ വിഷയങ്ങൾ രാജ്യസഭയിൽ കോൺഗ്രസ് അംഗം പി ചിദംബരം ഉന്നയിച്ചു. അതേസമയം, ബജറ്റിൽ പ്രതിപക്ഷ ഭരണമുള്ള സംസ്ഥാനങ്ങളോട് വിവേചനം കാട്ടിയെന്ന ആരോപണം ധനമന്ത്രി നിർമ്മലാ സീതാരാമൻ നിഷേധിച്ചു. പ്രതിപക്ഷം തെറ്റിദ്ധാരണ പരത്തുകയാണെന്ന് മന്ത്രി രാജ്യസഭയിൽ ശൂന്യവേളയിൽ പറഞ്ഞു. സർക്കാരിൻറെ കഴിഞ്ഞ പത്ത് വർഷത്തെ നേട്ടങ്ങൾ ബി ജെ പി അംഗം രാധാമോഹൻദാസ് അഗർവാൾ ചൂണ്ടിക്കാട്ടി. ലോക്സഭയിൽ തൊഴിലില്ലായ്മ വിഷയം ഉയർത്തിയത് കോൺഗ്രസ് അംഗം കുമാരി ഷെൽജയാണ്. സാമ്പത്തിക രംഗം കേന്ദ്ര സർക്കാർ സുതാര്യമാക്കിയെന്ന് ബി ജെ പി അംഗം ബിപ്ലബ് കുമാർ ദേബ് പറഞ്ഞു. സാമ്പത്തിക സർവെയിൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിൻറെ വളർച്ച 6.5 ശതമാനത്തിൽ നിന്ന് ഏഴ് ശതമാനമായതും അദ്ദേഹം ചൂണ്ടിക്കാട്ടി. ന്യൂസ് ഡസ്ക്, ആകാശവാണി.......*

**********************************

## NEET (UG)

നീറ്റ് യു ജി പരീക്ഷ നിർത്തലാക്കാൻ ഒരു നിർദ്ദശവും പരിഗണനയിലില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. മെഡിക്കൽ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് ഉണ്ടായ വിവാദത്തിൻറെ പശ്ചാത്തലത്തിലായിരുന്നു സർക്കാർ ഇക്കാര്യം വ്യക്തമാക്കിയത്. രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ വിദ്യാഭ്യാസ വകുപ്പ് സഹമന്ത്രി സുകന്ദ മജുംദാറാണ് ഇക്കാര്യം അറിയിച്ചത്..

************************************************

## MINISTER- WCD

വനിതാ ശാക്തീകരണത്തിനും ക്ഷേമത്തിനും കേന്ദ്ര ബജറ്റിൽ 3.3 ലക്ഷം കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളതെന്ന് കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് മന്ത്രി അന്നപൂർണ ദേവി. കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ 37.3 ശതമാനം അധികമാണിത്. വനിതാ ശാക്തീകരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന പ്രാധാന്യമാണ് ഇത് തെളിയിക്കുന്നതെന്ന് മന്ത്രി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. വനിതാ വികസനത്തിൽ നിന്നും വനിതകളുടെ നേതൃത്വത്തിലുള്ള വികസനത്തിലേക്കാണ് സർക്കാർ നീങ്ങുന്നതെന്നും മന്ത്രി വ്യക്തമാക്കി.

************************************************

## MILK PRODUCTION

പാൽ ഉൽപാദനത്തിൽ ഇന്ത്യ ലോകത്ത് ഒന്നാമതാണെന്ന് മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി രാജീവ് രഞ്ജൻ സിംഗ്. ആഗോള പാൽ ഉത്പാദനത്തിൻറെ 25 ശതമാനം ഇന്ത്യയിലാണെന്ന് അദ്ദേഹം പറഞ്ഞു. രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യം അറിയിച്ചത്. കഴിഞ്ഞ 9 വർഷങ്ങളായി രാജ്യത്ത് പാൽ ഉത്പാദനം ആറ് ശതമാനം വാർഷിക നിരക്കിലാണ് വളരുന്നത്.

******************************************

## LS-IT

നിർമ്മിത ബുദ്ധി സുരക്ഷിതവും വിശ്വാസയോഗ്യവും ആണെന്ന് ഉറപ്പിക്കേണ്ടതിൻറെ ആവശ്യകത മനസിലാക്കുന്നുവെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് - വിവര സാങ്കേതിക വകുപ്പ് സഹമന്ത്രി ജിതിൻ പ്രസാദ്. ഇതിനായി ചട്ടം വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും 2022, 2023 വർഷങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

******************************************

## RAIL BUDGET ASHWINI VAISHNAW

റെയിൽ ബജറ്റിൽ സുരക്ഷയ്ക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്. മൊത്തത്തിലുള്ള രണ്ട് ലക്ഷത്തി 62 ആയിരം കോടി രൂപയിൽ ഒരു ലക്ഷം കോടിയിലേറെ രൂപയാണ് സുരക്ഷയ്ക്കായി നീക്കിവച്ചിട്ടുള്ളത്.

******************************************

## KARNATAKA - SEARCH

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തിരച്ചിലിൽ 10-ാം ദിവസമായ ഇന്നും തുടരും. അർജ്ജുന്റെതെന്ന് സംശയിക്കുന്ന ട്രെക്കിന്റെ സൂചനകൾ ഇന്നലെ ലഭിച്ചിരുന്നു. ഗംഗാവലി നദിയിലാണ് ട്രക്ക് കണ്ടെത്തിയതെന്ന് കർണാടക റെവന്യൂ മന്ത്രി സ്ഥിരീകരിച്ചു. നാവികസേനയുടെ മുങ്ങൽ വിദഗ്ദ്ധർ പരിശോധന നടത്തുമെന്ന് മന്ത്രി അറിയിച്ചെങ്കിലും കാലാവസ്ഥ പ്രതികൂലമായത് വെല്ലുവിളിയായി. ട്രക്ക് പുറത്തെടുക്കാൻ ജില്ലാ ഭരണകൂടം കൂടുതൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

******************************************

## NIPAH

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന 16 സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവ് ആണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. എല്ലാവരും ലോ റിസ്ക് വിഭാഗത്തിൽ ഉള്ളവരാണ്. ഇതുവരെയായി ആകെ 58 സാമ്പിളുകളാണ് നെഗറ്റീവായത്. ആകെ സമ്പർക്ക പട്ടികയിലുള്ളവരുടെ എണ്ണം 472 ആയിട്ടുണ്ട്. മലപ്പുറം കളക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ വൈകീട്ട് ചേർന്ന നിപ അവലോകന യോഗത്തിൽ ആരോഗ്യ മന്ത്രി ഓൺലൈനായി പങ്കെടുത്തു.

**********************************

## FORMER NEWS EDITOR DIED

ആകാശവാണി മുൻ ന്യൂസ് എഡിറ്റർ P. ചന്ദ്രശേഖരൻ കോഴിക്കോട്ട് അന്തരിച്ചു. 94 വയസ്സായിരുന്നു. കേന്ദ്ര ഇൻഫർമേഷൻ സർവ്വീസിൽ നിന്ന് വിരമിച്ച അദ്ദേഹം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൽ ന്യൂഡൽഹി ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചു. ദീർഘകാലം കോഴിക്കോട് ആകാശവാണിയിൽ റിപ്പോർട്ടറായിരുന്നു. തിരുവനന്തപുരം ആകാശവാണിയിലും വാർത്താ വിഭാഗത്തിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് വൈകീട്ട് അഞ്ചിന് കല്ലായിയിലെ മാനാരി ശ്മശാനത്തിൽ നടക്കും.

**********************************

## PARIS OLYMPICS

പാരീസ് ഒളിമ്പിക്സിന് നാളെ ഔദ്യോഗിക തുടക്കം. അതേസമയം, ഇന്ത്യൻ അമ്പെയ്ത്ത് താരങ്ങളുടെ മത്സരം ഇന്ന് ആരംഭിക്കും. ദീപിക കുമാരി, അങ്കിത ഭഗത്, ഭജൻകൗർ, ബി ധീരജ്, തരുൺദീപ് റായ്, പ്രവിൻ ജാദവ് എന്നിവർ വ്യക്തിഗത റാങ്കിംഗ് റൗണ്ടിൽ

ഇന്നിറങ്ങും. ഫുട്ബോൾ, റഗ്ബി മത്സരങ്ങൾ ഇന്നലെ ആരംഭിച്ചിരുന്നു.

**********************************

## REV. NT. CRICKET-ASIA CUP

ഏഷ്യാ കപ്പ് വനിത ട്വന്റി- 20 ക്രിക്കറ്റിൽ ആതിഥേയരായ ശ്രീലങ്ക തായ്‌ലൻഡിനെ 10 വിക്കറ്റിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത തായ്‌ലൻഡ് നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 93 റൺസ് എടുത്തപ്പോൾ മറുപടി ബാറ്റിങ്ങിൽ ശ്രീലങ്ക 11.3 ഓവറിൽ ലക്ഷ്യം കണ്ടു. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ബംഗ്ലാദേശ് മലേഷ്യയെ 114 റൺസിന് പരാജയപ്പെടുത്തി. സെമിഫൈനൽ മത്സരങ്ങൾ നാളെ നടക്കും. ആദ്യ സെമിയിൽ ഇന്ത്യ ബംഗ്ലാദേശിനെയും രണ്ടാം സെമിയിൽ ശ്രീലങ്ക പാകിസ്ഥാനെ നേരിടും.

**********************************

## CROATIA OPEN

ക്രൊയേഷ്യ ഓപ്പൺ ടെന്നീസിൽ പുരുഷന്മാരുടെ ഡബിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ യുകി ഭാംബ്രി ഫ്രാൻസിൻറെ അൽബാനോ ഒലിവെറ്റി സഖ്യം ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ടു. 4-6, 6-1, 6-10 എന്ന സ്കോറിന് ഫ്രഞ്ച് സഖ്യമാണ് യുകി ഭാംബ്രി- അൽബാനോ ഒലിവെറ്റി സഖ്യത്തെ പരാജയപ്പെടുത്തിയത് .

**********************************

## PM- ABHINAV BINDRA

ഒളിമ്പിക് ഓർഡർ ബഹുമതി നേടിയ ഷൂട്ടിംഗ് താരം അഭിനവ് ബിന്ദ്രയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. എല്ലാ ഇന്ത്യാക്കാർക്കും അഭിമാനം പകരുന്നതാണ് ഈ നേട്ടമെന്ന് സമൂഹമാധ്യമത്തിൽ പ്രധാനമന്ത്രി കുറിച്ചു.

***********************************

## KARGIN VIJAY DIWAS

25-ാമത് കാർഗിൽ വിജയദിവസമായ നാളെ വിവിധ പരിപാടികൽ സംഘടിപ്പിക്കുമെന്ന് പ്രതിരോധ സേനാ വൃത്തങ്ങൾ അറിയിച്ചു. വനിതകളുടെ ബൈക്ക് റാലി ഉൾപ്പെടെയാണ് സംഘടിപ്പിക്കുന്നത്. വനിതാ ഓഫീസർമാർ, സൈനികരുടെ ഭാര്യമാർ തുടങ്ങിയവർ പങ്കെടുക്കും.

***********************************

## IAF-WOMEN TEAM

കാർഗിൽ വിജയദിവസിനോടനുബന്ധിച്ച് നാളെ ഇന്ത്യാഗേറ്റിൽ വ്യോമസേനയിലെ ഇരുപത്തിയൊമ്പത് അഗ്നിവീർ വനിതകൾ ഡ്രിൽ അവതരിപ്പിക്കും. വ്യോമസേന ബാൻഡിൻെറ അകമ്പടിയോടെയുള്ള പ്രകടനം വീക്ഷിക്കാൻ വ്യോമസേന ജനങ്ങളെ ക്ഷണിച്ചിട്ടുണ്ട്.

***********************************

## INS BRAHMAPUTRA-INCIDENT

INS ബ്രഹ്മപുത്രയിലുണ്ടായ തീപിടിത്തത്തിൽ കാണാതായ നാവികന്റെ ഭൗതികശരീരം കണ്ടെത്തി. നാവിക സേന മേധാവി അഡ്മിറൽ ദിനേശ് ത്യപാഠി ദുരന്തത്തിൽ അഗാധ ദുഖം രേഖപ്പെടുത്തി. അപകടമുണ്ടായ മുംബൈയിലെ നാവിക സേനയുടെ കപ്പൽ നിർമ്മാണശാല സന്ദർശിച്ച് അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തി. INS ബ്രഹ്മപുത്ര വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാനും നാവിക സേന മേധാവി നിർദേശം നൽകി.

***********************************

## BUDGET-BIHAR EDUCATIONISTS

കേന്ദ്ര ബജറ്റിനെ പ്രകീർത്തിച്ച് ബിഹാറിലെ സർവകലാശാലകളിലെ വൈസ് ചാൻസലർമാർ. ബജറ്റിൽ നളന്ദ സർവകലാശാലയ്ക്കും രാജ്ഗിറിൻറെ വികസനത്തിനും ഗയയിലെ ടൂറിസം ഇടനാഴിക്കും നല്കിയ പരിഗണനയിൽ നളന്ദ സർവകലാശാല ഇടക്കാല വൈസ് ചാൻസലർ പ്രൊഫസർ അഭയ് കുമാർ സിംഗ് നന്ദി പറഞ്ഞു. ബജറ്റിൽ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള പ്രഖ്യാപനങ്ങൾ തൊഴിൽ മേഖലയെ ഉത്തേജിപ്പിക്കുമെന്ന് പട്ന സർവകലാശാല വൈസ് ചാൻസലർ പ്രൊഫസർ അജയ് കുമാർ സിംഗ് അഭിപ്രായപ്പെട്ടു.

*********************************

## NAGALAND CM-BUDGET

തുടർച്ചയായ ഏഴാം തവണയും ബജറ്റ് അവതരപ്പിച്ച കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനെ നാഗാലാൻഡ് മുഖ്യമന്ത്രി നെയ്ഫിയു റിയോ അഭിനന്ദിച്ചു. കൃഷി, ഊർജം, നൈപുണ്യ വികസനം, ഉൽപ്പാദനം, ഗവേഷണം, വികസനം, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ തുടങ്ങിയ സുപ്രധാന മേഖലകളെ അഭിസംബോധന ചെയ്യുന്നതാണ് കേന്ദ്ര ബജറ്റെന്നും അദ്ദേഹം പറഞ്ഞു.

*******************************************************************************************************************

*******************